<u>പതിനാലാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2496 06.12.2018-ൽ മറുപടിക്ക്

<u>പ്രഭുറാം മില്ലിന്റെ നവീകരണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സജി ചെറിയാൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രഭുറാം മില്ലിന്റെ നവീകരണം പരിഗണയിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) പ്രഭുറാം മില്ലിന്റെ നവീകരണം പരിഗണനയിലുണ്ട്. കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകളുടെ സമഗ്രവും സുസ്ഥിരവുമായുള്ള വികസനം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള എക്സ്പെർട്ട് കമ്മിറ്റി 48 കോടി രൂപയുടെ ഒരു നവീകരണ പദ്ധതി പ്രഭുറാം മില്ലിനായി ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി 7 കോടി രൂപ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത മില്ലിൽ നിന്നും 2014 മുതൽ വിരമിച്ച തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രഭുറാം മില്ലിലെ വിരമിച്ച ജീവനക്കാർക്ക് 2016 വർഷം മുതലുള്ള ആനുകൂല്യങ്ങളാണ് നൽകുവാനുള്ളത്. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതു മൂലമുള്ള മൂലധന ചോർച്ച കൊണ്ടാണ് ആനുകൂല്യം നൽകുവാൻ വൈകിയിരിക്കുന്നത്. മില്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി പടിപടിയായി ഓരോ വർഷമുള്ള കുടിശ്ശിക തീർക്കുവാനാണുദ്ദേശിക്കുന്നത്. |
| (സി) ആനുകൂല്യങ്ങൾ എന്ന് വിതരണം ചെയ്യുവാൻ കഴിയുമെന്ന് വിശദീകരിക്കുമോ; | |
| (ഡി) ഉൽപാദനക്ഷമത കൂടിയ പുതിയ സ്പിന്നിംഗ് മെഷീനുകൾ പ്രഭുറാം മില്ലിൽ സ്ഥാപിക്കുന്ന കാര്യം ആലോചനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) നവീകരണ പദ്ധതിയുടെ ഭാഗമായി ഉത്പാദനക്ഷമത കൂടിയ പുതിയ സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) പ്രഭുറാം മില്ലിനു അനുബന്ധമായി ഉള്ള 14 ഏക്കർ സ്ഥലം ഉപയോഗിച്ച് തൊഴിൽ നൽകുന്ന പുതിയ സ്ഥാപനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) പ്രഭുറാം മില്ലിലെ മിച്ചമുള്ള സ്ഥലം പരമാവധി ഉപയോഗപ്പെടുത്തുവാൻ സർക്കാർ ആലോചിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ